# മത്തായിയുടെ സുവിശേഷത്തിന്റെ

## ജീവ-പഠനം

### ദൂത് ഇരുപത്തി മൂന്ന്

## രാജ്യത്തിന്റെ ഭരണഘടനയുടെ വിളംബരം

## (11)

Sat ഈ ദൂതിൽ മലമേൽവച്ചുള്ള രാജാവിന്റെ വിളംബരത്തിന്റെ ആറാമത്തെ ഭാഗത്തിലേക്ക്, 7:1-12-ലേക്ക്, നാം വരുന്നു.

## VII. മറ്റുള്ളവരോട് ഇടപെടുന്നതിലുള്ള രാജ്യജനത്തിന്റെ തത്ത്വങ്ങളെ സംബന്ധിച്ച്

പ്രത്യക്ഷത്തിൽ, 7:1-12 വരെയുള്ള ഭാഗത്തുള്ള കർത്താവിന്റെ ഉദ്ദേശ്യം രാജ്യജനം മറ്റുള്ളവരോട് ഇടപെടുന്ന തത്ത്വങ്ങളെ സംബന്ധിച്ചാണ്. എന്നാൽ വാസ്തവത്തിൽ ഇവിടെയുള്ള അവന്റെ ഉദ്ദേശ്യം നമ്മെത്തന്നെ നാം മറന്നുകൊണ്ട് മറ്റുള്ളവരെ കരുതുവാൻ നമ്മെ പ്രോത്സാഹിപ്പിക്കുക എന്നതാണ്. മുമ്പുള്ള രണ്ട് അധ്യായങ്ങളിൽ കർത്താവ് നമ്മുടെ കോപത്തെയും, നമ്മുടെ മോഹങ്ങളെയും, നമ്മുടെ ആന്തരിക ആളത്തത്തെയും, സ്വയത്തെയും, ജഡത്തെയും, നമ്മുടെ ആകുലചിന്തയെയും കുഴിച്ചെടുത്തു. ഇപ്പോൾ, മറ്റുള്ളവരെ കരുതുവാൻ നാം പഠിക്കണം എന്ന വിഷയത്തിലേക്ക് നമ്മെ കൊണ്ടുവരുന്നു. നിങ്ങൾ മറ്റുള്ളവരെ വിധിക്കുമ്പോൾ, അവർ നിങ്ങളെ എങ്ങനെ വിധിക്കണം എന്ന് നിങ്ങൾ ആഗ്രഹിക്കുന്നു എന്നതിനനുസരിച്ച് നിങ്ങൾ അവരെ വിധിക്കണം. ഈ രീതിയിൽ വിഷയത്തെ പരിഗണിക്കുന്നത് മറ്റുള്ളവരെ കരുതുന്നതാണ്.

രാജ്യജനത്തിന്മേലുള്ള സ്വർഗീയഭരണം ആവശ്യപ്പെടുന്നത് അവർ മറ്റുള്ളവരെ കരുതണമെന്നാണ്. അഞ്ചും ആറും അധ്യായങ്ങളിൽ നിരവധി പ്രതിലോമ കാര്യങ്ങളെ സ്പർശിച്ചിരുന്നുവെങ്കിലും, ഏഴാം അധ്യായംവരെ മറ്റുള്ളവരെ കരുതുന്ന കാര്യം ഉൾപ്പെടുത്തിയിരുന്നില്ല. നാം ചെയ്യുന്ന എന്തിലും, നാം മറ്റുള്ളവരെക്കുറിച്ച് ചിന്തിക്കണം. നമ്മുടെ സ്വാഭാവിക ജീവനിൽ നാം മറ്റുള്ളവരെ പരിഗണിക്കാത്തതുകൊണ്ട് ഈ മേഖലയിൽ ഒരു യഥാർത്ഥ കുറവ് നമുക്കുണ്ട്. ആരംഭം മുതൽ അവസാനം

വരെ നാം നമ്മെ മാത്രമേ പരിഗണിക്കുന്നുള്ളൂ. നമ്മുടെ ചിന്തയും നമ്മുടെ പരിഗണനയും നമ്മെക്കൊണ്ട് പൊതിയപ്പെട്ടിരിക്കുന്നു. അതുകൊണ്ട്, നാം എപ്പോഴും നമ്മെത്തന്നെ കേന്ദ്രീകരിച്ചുള്ളവരും മറ്റുള്ളവരെ ഒരിക്കലും പരിഗണിക്കാത്തവരുമാണ്. കഴിഞ്ഞ കാലത്ത് നിങ്ങൾ ജീവിച്ച രീതി ഓർക്കുവാൻ ഞാൻ നിങ്ങളോട് ആവശ്യപ്പെടുന്നു. മറ്റുള്ളവരെ പരിഗണിക്കുന്നതായിരുന്നോ നിങ്ങളുടെ ശീലം? മറ്റുള്ളവരെ വിമർശിക്കുകയോ വിധിക്കുകയോ ചെയ്യുവാൻ തുടങ്ങുമ്പോൾ നാം അവരെ പരിഗണിക്കുന്നു വെങ്കിൽ നാം അവരെ വിമർശിക്കുകയോ വിധിക്കുകയോ ഇല്ല. നാം മറ്റുള്ളവരെ വിധിക്കുകയും അവരെ വിമർശിക്കുകയും ചെയ്യുന്നതിന്റെ കാരണം നാം അവർക്കുവേണ്ടി കരുതുന്നില്ല എന്നതാണ്. നാം മറ്റുള്ളവർക്കുവേണ്ടി കരുതിയിരുന്നുവെങ്കിൽ, നാം അവരോട് സഹതപിക്കുമായിരുന്നു.

## A. നിങ്ങൾ വിധിക്കുന്ന വിധിയാൽ നിങ്ങൾ വിധിക്കപ്പെടാതിരിക്കേണ്ടതിന് വിധിക്കാതിരിക്കുന്നു

7:1-ൽ കർത്താവു പറഞ്ഞു, "നിങ്ങൾ വിധിക്കപ്പെടാ തിരിക്കേണ്ടതിന് വിധിക്കരുത്." രാജ്യത്തിന്റെ സ്വർഗീയ ഭരണത്തിൻകീഴിൽ താഴ്മയുള്ള ആത്മാവിൽ ജീവിക്കുന്ന രാജ്യജനം എപ്പോഴും മറ്റുള്ളവരെയല്ല, തങ്ങളെത്തന്നെ വിധിക്കുന്നു. നിങ്ങൾ വിധിക്കപ്പെടാതിരിക്കേണ്ടതിന് വിധിക്കരുതെന്ന കർത്താവിന്റെ വാക്ക് മറ്റുള്ളവരെ കരുതുന്നതി നെക്കുറിച്ചുള്ള ഒരു വാക്കാണെന്ന് തോന്നുകയില്ല. എങ്കിലും, ഈ വചനത്തിലേക്ക് നാം സൂക്ഷ്മപരിശോധന നടത്തുമ്പോൾ, ഇത് വാസ്തവത്തിൽ മറ്റുള്ളവരെ കരുതുന്നതിനെക്കുറിച്ചാണ് അർഥമാ ക്കുന്നതെന്ന് നാം കാണുന്നു. നിങ്ങൾ മറ്റുള്ളവരെ വിധിക്കുവാൻ തുടങ്ങുമ്പോൾ, അതിനുപകരം നിങ്ങൾ അവർക്കായി കരുതണം.

വിധിക്കാതിരിക്കുന്നതിനെക്കുറിച്ചുള്ള ഈ വചനത്തിന്റെ രഹസ്യം കണ്ടെത്തുവാൻ നമുക്കന്വേഷിക്കാം. ഇവിടെയുള്ള യഥാർത്ഥ അർഥം മറ്റുള്ളവരെ കരുതുന്നതാണെന്ന് നമുക്കെങ്ങനെ പറയുവാൻ കഴിയും? വിധിക്കപ്പെടുവാൻ നിങ്ങൾക്ക് ഭയമുണ്ടോ? ഉണ്ടെങ്കിൽ, വിധിക്കപ്പെടുവാൻ മറ്റുള്ളവരും ഭയപ്പെടുന്നുണ്ടെന്ന് നിങ്ങൾ മനസ്സിലാക്കണം. മറ്റുള്ളവരാൽ വിധിക്കപ്പെടുന്നത് നിങ്ങൾക്ക് മോശമായി തോന്നുന്നുണ്ടോ? അങ്ങനെ നിങ്ങൾക്ക് തോന്നുന്നുവെങ്കിൽ, നിങ്ങളാൽ വിധിക്കപ്പെടുന്നത് മറ്റുള്ളവർക്കും മോശമായി തോന്നുമെന്ന് നിങ്ങൾ അറിയണം. വിധിക്കപ്പെടുവാൻ ആരും ഇഷ്ടപ്പെടുന്നില്ല. വിധിക്കപ്പെടുവാൻ നിങ്ങൾ ഇഷ്ടപ്പെ ടുന്നില്ലെങ്കിൽ, മറ്റുള്ളവരുടെ കാര്യം എങ്ങനെയാണ്? നിങ്ങൾ അവർക്കുവേണ്ടി കരുതണം. നിങ്ങൾ മറ്റുള്ളവരാൽ വിധിക്കപ്പെടുവാൻ ഇഷ്ടപ്പെടുന്നില്ലെങ്കിൽ, നിങ്ങൾ മറ്റുള്ളവരെ

എന്തിന് വിധിക്കുന്നു? വിധിക്കപ്പെടുവാൻ നിങ്ങൾ ഭയപ്പെടുന്നുവെങ്കിൽ, വിധിക്കപ്പെടുവാൻ ഭയപ്പെടുന്ന മറ്റുള്ളവരെയും നിങ്ങൾ പരിഗണിക്കണം. എപ്പോഴും മറ്റുള്ളവരെ കരുതുക.

വാക്യം 2 പറയുന്നു, "നിങ്ങൾ വിധിക്കുന്ന വിധിയാൽ നിങ്ങൾ വിധിക്കപ്പെടുകയും, നിങ്ങൾ അളക്കുന്ന അളവിനാൽ നിങ്ങൾക്ക് അളക്കപ്പെടുകയും ചെയ്യും." രാജ്യത്തിന്റെ സ്വർഗീയ ഭരണത്തിൻകീഴിൽ രാജ്യജനം മറ്റുള്ളവരെ എന്തൊന്നിനാൽ വിധിക്കുന്നുവോ അതിനാൽ അവർ വിധിക്കപ്പെടും. അവർ മറ്റുള്ളവരെ നീതിയോടെ വിധിക്കുന്നുവെങ്കിൽ, അവർ കർത്താവിനാൽ നീതിയോടെ വിധിക്കപ്പെടും. അവർ മറ്റുള്ളവരെ കരുണയോടെ വിധിക്കുന്നുവെങ്കിൽ, അവർ കർത്താവിനാൽ കരുണയോടെ വിധിക്കപ്പെടും. കരുണ ന്യായവിധിക്കെതിരായി പ്രശംസിക്കുന്നു (യാക്കോ. 2:13.). മറ്റുള്ളവരെ വളരെയധികം വിധിക്കരുത്, കാരണം നിങ്ങൾ മറ്റുള്ളവരെ വിധിക്കുന്ന അതേ അളവിനാൽ നിങ്ങൾ വിധിക്കപ്പെടും. നിങ്ങൾ മറ്റുള്ളവരെ കരുതുന്നുവെങ്കിൽ, നിങ്ങൾ അവരാൽ വിധിക്കപ്പെടുകയില്ല.

നാം അളക്കുന്ന അളവിനാൽ നമുക്കും അളക്കപ്പെടുമെന്ന് വാക്യം 2 പറയുന്നു. ഇവിടെയുള്ളത് ന്യായവിധിയുടെ അതേ തത്ത്വമാണ്. പ്രത്യക്ഷത്തിൽ, ഈ വാക്യങ്ങളിൽ മറ്റുള്ളവരെ കരുതുന്നതിനെക്കുറിച്ച് കർത്താവ് നമ്മോട് ആജ്ഞാപിക്കുന്നില്ല: എന്നാൽ വാസ്തവത്തിൽ, നാം മറ്റുള്ളവരെ കരുതണമെന്ന് ഈ വാക്യങ്ങൾ അർഥമാക്കുന്നു. മറ്റുള്ളവരാൽ അളക്കപ്പെടുവാൻ നിങ്ങൾ ഭയപ്പെടുന്നുണ്ടോ? അങ്ങനെയെങ്കിൽ, നിങ്ങൾ മറ്റുള്ളവരെ കരുതണം, കാരണം അവരും നിങ്ങളാൽ അളക്കപ്പെടുന്നതിനെ ഭയപ്പെടുന്നു. നിങ്ങൾ മറ്റുള്ളവരെ കരുതുന്നുവെങ്കിൽ, നിങ്ങൾ അവരെ വിധിക്കുകയോ, അവരെ വിമർശിക്കുകയോ, അവരെ അളക്കുകയോ ചെയ്യുകയില്ല.

കഴിഞ്ഞ കാലത്ത് ആത്മികതയെക്കുറിച്ച് വളരെയധികം സംസാരിച്ച ഒരു ക്രിസ്തീയ കൂട്ടത്തെ എനിക്കറിയാം. ഒരർഥത്തിൽ അവരുടെ സംസാരം യഥാർത്ഥമായിരുന്നു. എന്നാൽ ഈ കൂട്ടത്തിന് ഒരു ബലഹീനത ഉണ്ടായിരുന്നു: അത് മറ്റുള്ളവരെ അളക്കുന്ന ശീലമായിരുന്നു. ഈ കൂട്ടത്തിലുള്ള ഓരോരുത്തന്റെയും പോക്കറ്റിൽ ഒരു ചെറിയ സ്കെയിൽ ഉണ്ടായിരുന്നുവെന്നു തോന്നുന്നു. അവർ നിങ്ങളെ ചായ കുടിക്കുവാൻ വിളിച്ചപ്പോഴെല്ലാം അദൃശ്യമായ അവരുടെ സ്കെയിൽകൊണ്ട് അവർ നിങ്ങളെ അളന്നു. പിന്നീട് നിങ്ങളെക്കുറിച്ച് സംസാരിക്കുവാൻ അവർ ഒരുമിച്ചു കൂടിവരും. ചിലർ ചോദിക്കും, "അവൻ എവിടെയാണെന്ന് നീ കണ്ടുപിടിച്ചോ?" ഇതിന്റെ അർഥം, "നീ അവനെ അളന്നുവോ?" എന്നാണ്. മറ്റുള്ളവരുടെ അനുഭൂതികളെ ഈ കൂട്ടം കരുതിയിരുന്നില്ലെന്നും ഞാൻ മനസ്സിലാക്കി: അവർ മറ്റുള്ളവരെ അളക്കുന്ന അവരുടെ

ശീലത്തെ മാത്രമേ ശ്രദ്ധിച്ചുള്ളൂ. അവരുടെ അളക്കൽ അവരുടെ വിമർശിക്കലും അവരുടെ വിധിക്കലുമായിരുന്നു. മറ്റുള്ളവരെ അളക്കരുതെന്ന് നിങ്ങളെ പ്രോത്സാഹിപ്പിക്കുവാൻ ഈ അവസരം ഞാൻ എടുക്കുന്നു. മറ്റുള്ളവർ എത്ര ആത്മികരാണെന്നോ, അവർ എത്രമാത്രം വളർന്നുവെന്നോ, ജീവനിലുള്ള അവരുടെ അവസ്ഥ എന്താണെന്നോ നിർണ്ണയിക്കുവാൻ ശ്രമിക്കരുത്. മറ്റുള്ളവരെ അളക്കുന്നതിൽനിന്നും നിങ്ങൾ വിട്ടുനിൽക്കുന്നുവെങ്കിൽ അവരെ വിമർശിക്കുന്നതിൽനിന്നും അവരെ വിധിക്കുന്നതിൽ നിന്നും നിങ്ങൾ കാക്കപ്പെടും. ഇത് മറ്റുള്ളവരെ കരുതുന്നതിന്റെ തത്ത്വത്തെ അടിസ്ഥാനമാക്കിയാണ്.

ഞാൻ ഇപ്പോൾ പരാമർശിച്ച ഈ കൂട്ടത്തിലുള്ളവർക്ക് മറ്റുള്ളവരെ സഹായിക്കുന്ന കാര്യത്തിൽ പ്രയാസമുണ്ടായിരുന്ന ഒരു സമയമുണ്ടായിരുന്നു. മറ്റുള്ളവരെ അവർക്ക് സഹായിക്കുവാൻ കഴിയാതിരുന്നതിനുള്ള കാരണം മറ്റുള്ളവർ അവരുടെ അളക്കലിനും, വിധിക്കലിനും, വിമർശനത്തിനും കീഴിലായിരുന്നു എന്നതാണ്. മറ്റുള്ളവരെ സഹായിക്കുന്നതിൽ നാം അന്ധന്മാരാ യിരിക്കണം. സഭാജീവിതത്തിൽ മറ്റുള്ളവരെ സഹായിക്കുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ, നിങ്ങൾ കുരുടനായിരിക്കണം. നിങ്ങൾ ഒരു നല്ല ഭർത്താവോ ഭാര്യയോ ആയിരിക്കണമെങ്കിൽ നിങ്ങളുടെ പങ്കാളിയെ കരുതുന്നതിൽ കുരുടനായിരിക്കണം. അളക്കുകയോ, വിധിക്കുകയോ, വിമർശിക്കുകയോ അരുത്. മറ്റുള്ളവരുടെ യാതൊരു അളവും നിങ്ങളുടെ പക്കൽ ഉണ്ടായിരിക്കരുത്. ഇതാണ് അവരോട് കരുണ കാണിക്കാനുള്ള വഴി. നിങ്ങൾ മറ്റുള്ളവരോട് കരുണ കാണിക്കുന്നുവെങ്കിൽ, നിങ്ങൾക്ക് കരുണ ലഭിക്കും. എന്നാൽ കരുണകൂടാതെ നിങ്ങൾ മറ്റുള്ളവരെ അളക്കുന്നുവെങ്കിൽ, കരുണകൂടാതെ നിങ്ങളും അളക്കപ്പെടും. ഏത് അളവിനാൽ നിങ്ങൾ അളക്കുന്നുവോ, അത് നിങ്ങൾക്കും അളക്കപ്പെടും.

കരുണ യാതൊന്നിനെയും അളക്കുന്നില്ല. കരുണ യാതൊരു അനുശാസനങ്ങളും അടിച്ചേൽപിക്കുന്നില്ല എന്ന് ഇത് അർഥമാക്കുന്നു. അളക്കൽ ആവശ്യമായ യാതൊന്നും കരുണയല്ല. കരുണയ്ക്ക് കണക്ക് അറിയില്ല. എങ്ങനെ കൂട്ടണമെന്നോ കുറയ്ക്കണമെന്നോ അതിനറിയില്ല. കരുണ തികച്ചും കുരുടുള്ളതാണ്. ഞാൻ ഇത്ര ശോചനീയനായിരിക്കുമ്പോൾ എന്തുകൊണ്ട് നിങ്ങളെന്നോട് നന്നായി പെരുമാറുന്നു? അത് നിങ്ങൾക്ക് എന്നോട് കരുണയുള്ളതുകൊണ്ടാണ്.

ദൈവത്തിന്റെ കരുണയാൽ ചിലപ്പോൾ ഞാൻ മറ്റുള്ളവരോട് കരുണയുള്ളവനായിട്ടുണ്ട്. പിന്നീട്, സാഹചര്യത്തെക്കുറിച്ച് വളരെ വ്യക്തമായ കണ്ണുകളുണ്ടായിരുന്ന എന്റെ മക്കളിൽ ചിലർ എന്നോടു പറഞ്ഞു, "ഡാഡീ, ഈ വ്യക്തി എത്ര മോശമാണെന്ന്

ഡാഡിക്കറിയില്ലേ? എന്തിന് ഡാഡി അവനോട് ഇത്ര നല്ലവനായിരുന്നു?" ഞാൻ നല്ലവനായിരുന്നത് ഞാൻ കുരുടനായിരുന്നതുകൊണ്ടാണ്. എന്നാൽ എന്റെ മക്കൾ നല്ല കാഴ്ചശക്തിയുള്ളവരായിരുന്നു. എന്നാൽ വളരെ കാഴ്ചശക്തിയുള്ളവർക്ക് കരുണയുള്ളവരായിരിക്കുവാൻ കഴിയുകയില്ല. നിങ്ങൾക്ക് കരുണയുള്ളവനായിരിക്കണമെങ്കിൽ, നിങ്ങൾ അന്ധമായ രീതിയിൽ യാക്കോബിനെ അനുഗ്രഹിച്ച യിസ്ഹാക്കിനെപ്പോലെയായിരിക്കണം. അതുപോലെ രാജ്യജനമായ നാം മറ്റുള്ളവരോട് ഇടപെടുന്നതിൽ അന്ധന്മാരായിരിക്കണം. അങ്ങനെയെങ്കിൽ, നാം അവരോട് കരുണയുള്ളവരായിരിക്കുകയും എല്ലായ്പ്പോഴും അവരെ കരുതുകയും ചെയ്യും. ദയ അർഹിക്കാത്തവരോട് ഞാൻ എന്തുകൊണ്ട് ദയയുള്ളവനായിരുന്നുവെന്ന് എന്റെ മക്കൾ എന്നോടു ചോദിച്ചപ്പോഴെല്ലാം ഞാൻ അവരോടു പറഞ്ഞു, "ഞാൻ എന്താണ് ചെയ്യുന്നതെന്ന് നിങ്ങൾക്കറിയില്ല. നിങ്ങളുടെ കണ്ണുകൾ വളരെ വലുതും വ്യക്തമുള്ളതുമാണ്. എന്തുകൊണ്ടാണ് ഞാൻ അവനോട് അങ്ങനെ പെരുമാറിയത്? അത് എനിക്ക് അവനെക്കുറിച്ച് ദാക്ഷിണ്യമുള്ളതുകൊണ്ടാണ്." ഇതാണ് മറ്റുള്ളവരോട് ഇടപെടുന്നതിലുള്ള രാജ്യജനത്തിന്റെ തത്ത്വം. മറ്റുള്ളവരോട് ഇടപെടുന്ന കാര്യത്തിൽ നാം അവരെ പരിഗണിക്കുകയും, അവരോട് സഹതപിക്കുകയും, അവരോട് കരുണ കാണിക്കുകയും വേണം. മറ്റുള്ളവരുമായുള്ള തങ്ങളുടെ ഇടപെടലുകളിൽ രാജ്യജനം അവരെ കരുതണം.

ഈ വാക്യങ്ങൾ നിങ്ങൾ പിന്നെയും പിന്നെയും വായിക്കുന്നുവെങ്കിൽ ഇവിടെ മറഞ്ഞിരിക്കുന്ന അടിസ്ഥാന തത്ത്വം നമ്മെത്തന്നെ നാം മറക്കുകയും മറ്റുള്ളവരെ കരുതുകയും വേണം എന്നതാണെന്ന് നിങ്ങൾ കാണും. എന്തുകൊണ്ട് നിങ്ങൾ മറ്റുള്ളവരെ വിമർശിക്കുകയും അവരെ വിധിക്കുകയും ചെയ്യുന്നുവെന്ന് നിങ്ങൾക്കറിയാമോ? അത് നിങ്ങളെക്കുറിച്ചുതന്നെ നിങ്ങൾ വളരെയധികം ചിന്തിക്കുന്നതുകൊണ്ടാണ്. നിങ്ങൾ മറ്റുള്ളവരുടെ അനുഭൂതികളെ അവഗണിക്കുകയും അവർക്കുവേണ്ടി കരുതാതിരിക്കുകയും ചെയ്യുന്നു. നിങ്ങളുടെ അനുഭൂതിയെ മാത്രമേ നിങ്ങൾ കരുതുന്നുള്ളൂ. തന്മൂലം, നിങ്ങൾ മറ്റുള്ളവരെ വിധിക്കുകയും വിമർശിക്കുകയും ചെയ്യുന്നു. അതുകൊണ്ട്, മറ്റുള്ളവരെ വിധിക്കുന്നതിൽനിന്നും നിങ്ങൾ കാക്കപ്പെടണമെങ്കിൽ, നാം അവരെ കരുതണം. നമ്മെത്തന്നെ നാം മറക്കണമെന്നും മറ്റുള്ളവരെ പരിഗണിക്കണമെന്നും ഇത് ആവശ്യപ്പെടുന്നു. നമുക്കു ചുറ്റുംതന്നെ നാം കേന്ദ്രീകരിക്കുകയും, മറ്റുള്ളവരുടെ അനുഭൂതികളെ അവഗണിക്കുകയും ചെയ്യുന്നുവെങ്കിൽ, നാം അവരെ വിമർശിക്കും. എന്നാൽ നാം മറ്റുള്ളവരെ കരുതുന്നുവെങ്കിൽ, നാം അവരെ വിധിക്കുകയില്ല.

## 1. നിന്റെ സഹോദരന്റെ കണ്ണിലെ കരട് നോക്കുമ്പോൾ നിന്റെ സ്വന്തം കണ്ണിലെ കോൽ പരിഗണിക്കുന്നു

വാക്യം 3-ൽ കർത്താവു പറയുന്നു, "നീ സഹോദരന്റെ കണ്ണിലെ കരട് നോക്കുകയും എന്നാൽ നിന്റെ കണ്ണിലെ കോൽ കരുതാതിരിക്കുകയും ചെയ്യുന്നത് എന്തുകൊണ്ട്?" രാജ്യത്തിന്റെ സ്വർഗീയ ഭരണത്തിൻകീഴിൽ താഴ്മയുള്ള ആത്മാവിൽ ജീവിക്കുന്ന രാജ്യജനമെന്ന നിലയിൽ, നമ്മുടെ സഹോദരന്റെ കണ്ണിലെ കരടിനെ നോക്കുമ്പോഴെല്ലാം നമ്മുടെ സ്വന്തം കണ്ണിലെ കോലിനെക്കുറിച്ച് നാം ചിന്തിക്കണം. നമ്മുടെ സഹോദരന്റെ കണ്ണിലെ കരട് നമ്മുടെ സ്വന്തം കണ്ണിൽ ഒരു കോലുണ്ടെന്ന് നമ്മെ ഓർമ്മിപ്പിക്കണം.

## 2. ആദ്യം നിന്റെ കണ്ണിൽനിന്നും കോൽ എടുത്തുകളയുന്നു

വാക്യം 4 തുടർന്നു പറയുന്നു, "അല്ലെങ്കിൽ ഇതാ, നിന്റെ കണ്ണിൽ കോൽ ഇരിക്കുമ്പോൾ, നിന്റെ സഹോദരനോട്, നിന്റെ കണ്ണിൽനിന്ന് ഞാൻ കരട് എടുത്തുകളയട്ടെ എന്ന് എങ്ങനെ പറയും?" 3-ഉം 4-ഉം വാക്യങ്ങളിലുള്ള കർത്താവിന്റെ വാക്ക് വളരെ ആഴമുള്ളതാണ്. ഇവിടെ അവന്റെ ഉദ്ദേശ്യം നമ്മെത്തന്നെ കരുതുവാൻ ആജ്ഞാപിക്കുന്നതല്ല; അത് മറ്റുള്ളവരെ കരുതുവാൻ ആജ്ഞാപിക്കുന്നതാണ്.

വാക്യം 5 പറയുന്നു, "കപടഭക്തിക്കാരാ, ആദ്യം നിന്റെ കണ്ണിൽനിന്ന് കോൽ എടുത്തുകളയുക. അപ്പോൾ നിന്റെ സഹോദരന്റെ കണ്ണിൽനിന്ന് കരട് എടുത്തുകളയുവാൻ നീ വ്യക്തമായി കാണും." നമ്മുടെ കണ്ണിൽ കോൽ ഇരിക്കുന്നിടത്തോളം നമ്മുടെ കാഴ്ച മങ്ങിയും, നമുക്ക് വ്യക്തമായി കാണാൻ കഴിയാതെയും വരും. ഒരു സഹോദരന്റെ കുറ്റം ചൂണ്ടിക്കാണിക്കുമ്പോൾ, നമുക്ക് അതിലും വലിയ കുറ്റമുണ്ടെന്ന തിരിച്ചറിവ് ഉണ്ടായിരിക്കണം. നമ്മുടെ സഹോദരന്റെ കുറ്റം ഒരു കരടിനോട് ഉപമിക്കുകയും, നമ്മുടേത് ഒരു കോലിനോട് ഉപമിക്കുകയും ചെയ്തിരിക്കുന്നു. അങ്ങനെ ഒരിക്കൽകൂടെ പറയട്ടെ, കർത്താവിന്റെ ഇംഗിതം നാം മറ്റുള്ളവരെ കരുതണം എന്നാണ്. മറ്റൊരുവന്റെ കുറ്റം ചൂണ്ടിക്കാണിക്കുവാൻ നിങ്ങൾ ശ്രമിക്കുമ്പോഴെല്ലാം നിങ്ങൾ വ്യക്തിക്കുവേണ്ടിയല്ല, കുറ്റത്തിനുവേണ്ടി കരുതിയേക്കാം. മറ്റൊരുവന്റെ കുറ്റത്തെ നിങ്ങൾ ഒരു കോൽ പോലെ വലുതാക്കുമ്പോൾ അതു കാണിക്കുന്നത് നിങ്ങൾ അവനു വേണ്ടിയല്ല, അവന്റെ കുറ്റത്തിനുവേണ്ടി കരുതുന്നു എന്നാണ്. നിങ്ങൾ സഹോദരനുവേണ്ടി കരുതുന്നുവെങ്കിൽ, അവന്റെ കുറ്റത്തിനു വേണ്ടി മാത്രമായി നിങ്ങൾ കരുതുകയില്ല. മറിച്ച് നിങ്ങൾ പറയും, "എന്റേതുമായി താരതമ്യം ചെയ്യുമ്പോൾ അവന്റെ

കുറ്റം വെറുമൊരു കരടാണ്; എന്റേത് ഒരു വലിയ കോലാണ്. അതുകൊണ്ട്, അവന്റെ കുറ്റത്തെ കണ്ടില്ലെന്നു നടിക്കുവാൻ ഞാൻ സന്തോഷവാനാണ്."

7:1-12-ലുള്ള കർത്താവിന്റെ ഇംഗിതം നാം മറ്റുള്ളവരെ കരുതണമെന്നാണ്. മറ്റുള്ളവരോട് ഇടപെടുന്നതിലുള്ള രാജ്യജനത്തിനുള്ള തത്ത്വം നാം മറ്റുള്ളവരെ കരുതണം എന്നാണ്. ജനവുമായുള്ള നമ്മുടെ എല്ലാ ഇടപെടലുകളിലും ഈ തത്ത്വം നാം പാലിക്കണം. കേവലം നിങ്ങളുടെ അനുഭൂതിക്കനുസരിച്ചു പ്രവർത്തിക്കാതെ മറ്റേ വ്യക്തിയെ കരുതുക. ഇതാണ് അടിസ്ഥാന തത്ത്വം.

## B. വിശുദ്ധ കാര്യങ്ങൾ നായ്ക്കൾക്ക് കൊടുക്കുകയോ മുത്തുകൾ പന്നികളുടെ മുമ്പിൽ എറിയുകയോ ചെയ്യാതിരിക്കുന്നു

വാക്യം 6 പറയുന്നു, "വിശുദ്ധമായത് നായ്ക്കൾക്ക് കൊടുക്കരുത്, നിങ്ങളുടെ മുത്തുകളെ പന്നികളുടെ മുമ്പാകെ എറിയുകയുമരുത്; അല്ലാഞ്ഞാൽ അവ തങ്ങളുടെ പാദങ്ങൾകൊണ്ട് അവയെ മെതിക്കുകയും തിരിഞ്ഞ് നിങ്ങളെ ചീന്തിക്കളയുകയും ചെയ്യും." "വിശുദ്ധമായത്" ദൈവത്തിന്റേതായ വസ്തുനിഷ്ഠ സത്യത്തെയായിരിക്കണം പരാമർശിക്കുന്നത്; "നിങ്ങളുടെ മുത്തുകൾ" നമ്മുടെ വ്യക്തിനിഷ്ഠ അനുഭവങ്ങളെയായിരിക്കണം പരാമർശിക്കുന്നത്. നായ്ക്കൾക്ക് കുളമ്പുകളില്ല, അവ അയവിറക്കുന്നുമില്ല; എന്നാൽ പന്നികൾക്ക് പിളർന്ന കുളമ്പുകളുണ്ട്, അവ അയവിറക്കുന്നില്ല. അങ്ങനെ, രണ്ടും അശുദ്ധമാണ് (ലേവ്യ. 11:4,7). 2 പത്രൊസ് 2:12, 19-22; ഫിലിപ്പിയർ 3:2 എന്നീ വേദഭാഗങ്ങളിൽ വെളിപ്പെടുത്തിയിരിക്കുന്നതനുസരിച്ച് ഇവിടെ നായ്ക്കളും പന്നികളും സൂചിപ്പിക്കുന്നത്, മതഭക്തരും എന്നാൽ അശുദ്ധരുമായ ജനത്തെയാണ്.

മത്തായി 7:6-ഉം മറ്റുള്ളവരെ കരുതുന്നതിനോട് ബന്ധപ്പെട്ടതാണ്. നിങ്ങൾ ഒരു സത്യമോ ഉപദേശമോ, വെളിച്ചമോ കണ്ടിട്ടുള്ള മിക്ക സമയങ്ങളിലും, അവർ നായ്ക്കളാണോ," "കുഞ്ഞാടുകളാണോ," അതോ "ചെന്നായ്ക്കളാണോ" എന്ന യാതൊരു പരിഗണനയുമില്ലാതെ നിങ്ങൾ അതിനെക്കുറിച്ച് മറ്റുള്ളവരോട് സംസാരിക്കുന്നു. നിങ്ങളുടെ ആവേശത്തിന്റെ അനുഭൂതിക്കുവേണ്ടി മാത്രമേ നിങ്ങൾ കരുതുന്നുള്ളൂ. "ഓ, സഭാജീവിതത്തെ സംബന്ധിച്ച വെളിച്ചം ഞാൻ കണ്ടിരിക്കുന്നു! സഭാജീവിതം മഹത്വകരവും ആത്ഭുതകരവുമാണ്!" എന്നു നിങ്ങൾ പറഞ്ഞേക്കാം. നിങ്ങളുടെ ആവേശത്തിൽ, നിങ്ങൾ ഇത് തെറ്റായ ഒരു വ്യക്തിയുമായി പങ്കുവച്ചേക്കാം. ഇത് വിശുദ്ധമായത് നായ്ക്കൾക്ക് കൊടുക്കുന്നതാണ്. വിശുദ്ധമായ ഒന്ന് നിങ്ങൾ മറ്റുള്ളവർക്ക് കൊടുക്കുവാൻ തുടങ്ങുമ്പോൾ

നിങ്ങൾ സംസാരിക്കുവാൻ പോകുന്നവനെക്കുറിച്ച് നിങ്ങൾ പരിഗണിക്കണം. വിശുദ്ധ കാര്യങ്ങൾ നിങ്ങൾ നായ്ക്കൾക്കു കൊടുക്കുകയോ, നിങ്ങളുടെ മുത്തുകൾ പന്നികളുടെ മുമ്പിൽ എറിയുകയോ അരുത്. വിശുദ്ധ കാര്യങ്ങളെയോ, സത്യങ്ങളെയോ, മുത്തുകളെയോ, അനുഭവങ്ങളെയോ കുറിച്ച് നിങ്ങൾ മറ്റുള്ളവരോട് സംസാരിക്കുമ്പോൾ മറ്റുള്ളവരെ കരുതുന്നതിനെ സംബന്ധിച്ച അടിസ്ഥാന തത്ത്വം നിങ്ങൾ പാലിക്കണം. നിങ്ങൾ പങ്കിടുവാൻ ആഗ്രഹിക്കുന്നത് ജനത്തിന് സ്വീകരിക്കുവാൻ കഴിയുമോ ഇല്ലയോ എന്ന് നിങ്ങൾ നിർണ്ണയിക്കണം. അവർക്ക് എത്രത്തോളം സ്വീകരിക്കുവാൻ കഴിയുമെന്നും നിങ്ങൾ മനസ്സിലാക്കണം. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ആത്മിക കാര്യങ്ങളെക്കുറിച്ച് നിങ്ങൾ മറ്റുള്ളവരോടു സംസാരിക്കുമ്പോൾ, നിങ്ങളുടെ അനുഭൂതികൾക്കും ആഗ്രഹങ്ങൾക്കും ഒത്തവണ്ണം സംസാരിക്കരുത്; മറിച്ച്, നിങ്ങൾക്ക് പറയാനുള്ളത് സ്വീകരിക്കാനുള്ള അവരുടെ പ്രാപ്തിക്കനുസരിച്ച് അവരോട് സംസാരിക്കുക.

നിരവധി തവണ സഭയെക്കുറിച്ചോ തങ്ങൾ അനുഭവിച്ച ചില ആത്മിക കാര്യങ്ങളെക്കുറിച്ചോ മറ്റുള്ളവരോടു പറയുവാൻ യുവാക്കൾ പുറത്തേക്കു പോയിട്ടുണ്ട്. മറ്റുള്ളവരുടെ അനുഭൂതികൾക്കുവേണ്ടിയല്ല, തങ്ങളുടെ അനുഭൂതിക്കുവേണ്ടി മാത്രമേ അവർ കരുതിയുള്ളൂ. നിർഭാഗ്യവശാൽ, നിരവധി തവണ മറ്റുള്ളവർ നായ്ക്കളോ പന്നികളോ ആയിരുന്നു; പറഞ്ഞതൊന്നും സ്വീകരിക്കുവാൻ അവർക്ക് പ്രാപ്തിയില്ലായിരുന്നു. പകരം, അവർ പങ്കുവച്ചവരുടെമേൽ തിരിയുകയും, മുത്തുകളുടെമേൽ ചവിട്ടുകയും, സഹോദരന്മാരെ കടിക്കുവാൻ ശ്രമിക്കുകയും ചെയ്തു. അങ്ങനെ, ചില സത്യങ്ങളെ സംബന്ധിച്ച വെളിച്ചം നാം കാണുകയോ, കർത്താവിന്റെ ചില വിലയേറിയ കാര്യങ്ങൾ അനുഭവമാക്കുകയോ ചെയ്തശേഷം, മറ്റുള്ളവരുമായി അവ പങ്കുവയ്ക്കുവാൻ ആഗ്രഹിക്കുമ്പോൾ, നാം പങ്കുവയ്ക്കുവാൻ പോകുന്ന ആളുകളെക്കുറിച്ച് നാം കരുതണം. "എന്റെ സാക്ഷ്യം ഈ ആളുകൾക്ക് സ്വീകരിക്കുവാൻ കഴിയുമോ? അവരുമായി ഞാൻ പങ്കുവയ്ക്കാനുദ്ദേശിക്കുന്നത് അവർക്ക് ഉൾക്കൊള്ളുവാൻ കഴിയുമോ" എന്ന് നമ്മോടുതന്നെ നാം ചോദിക്കണം. നിങ്ങൾ മറ്റുള്ളവരെ കരുതുന്നുവെങ്കിൽ, എല്ലാവരുമായും എല്ലാ കാര്യങ്ങളും നിങ്ങൾ പങ്കുവയ്ക്കാതിരിക്കുകയും, ചിലരോട് നിങ്ങളുടെ സാക്ഷ്യം നിങ്ങൾ പറയാതിരിക്കുകയും ചെയ്യും. മറ്റുള്ളവരുമായി ഇടപെടുന്ന കാര്യത്തിൽ ഇതാണ് രാജ്യജനത്തിന്റെ തത്ത്വം.

പലപ്പോഴും, മറ്റുള്ളവരുടെ അനുഭൂതികളെ കരുതാതെ നമ്മുടെ അനുഭൂതികൾക്കനുസരിച്ച് നാം മറ്റുള്ളവരോട് സംസാരിക്കുന്നു. ഒരുപക്ഷേ സഭാജീവിതത്തെയും കർത്താവിന്റെ പ്രത്യുദ്ധാരത്തെയും കുറിച്ച് ഒരു ദിവസം നിങ്ങൾ വളരെ

തീക്ഷ്ണതയുള്ളവനായിരിക്കാം. എന്നാൽ നിങ്ങളുടെ തീക്ഷ്ണതയാൽ നിങ്ങൾ ചില "നായ്ക്കളെ" മുറിപ്പെടുത്തിയേക്കാം. മറ്റു ചില സമയങ്ങളിൽ, ക്രിസ്തുവിലുള്ള ഏതാനും പുതുമയുള്ള അനുഭവം നിമിത്തം നിങ്ങൾ പറഞ്ഞേക്കാം, "ഓ, ക്രിസ്തു അത്ഭുതവാനാണ്! ക്രിസ്തു ശത്രുക്കളെ പരാജയപ്പെടുത്താനുള്ള ചെമ്പും, ഇരുമ്പും, ആയുധങ്ങളുമാണ്." നിങ്ങൾ എല്ലാവരോടും നിങ്ങളുടെ അനുഭവത്തെക്കുറിച്ച് പറയത്തക്കവണ്ണം നിങ്ങൾ അതിനെക്കുറിച്ച് വളരെ ആവേശഭരിതനാണ്. എന്നാൽ ഇങ്ങനെ പറഞ്ഞുകൊണ്ട് ചിലർ നിങ്ങളെ ആക്രമിക്കുവാൻ തിരിഞ്ഞേക്കാം, "എന്ത്! ക്രിസ്തു ആയുധങ്ങളാണെന്ന് ഞങ്ങൾ ഒരിക്കലും കേട്ടിട്ടില്ല. എവിടെനിന്നാണ് നിങ്ങൾ ഇതു പഠിച്ചത്? ക്രിസ്തു ചെമ്പും ഇരുമ്പുമാണെന്ന് നിങ്ങൾക്കെങ്ങനെ പറയുവാൻ കഴിയും? ഇത് ദൈവദൂഷണമാണ്!" എന്നാൽ നിങ്ങൾ മറ്റുള്ളവരെ കരുതുന്നുവെങ്കിൽ, നിങ്ങളുടെ പുതുമയുള്ള ക്രിസ്താനുഭവത്തെക്കുറിച്ച് ഒരു വാക്കും നിങ്ങൾ പറയുകയില്ല. മറിച്ച്, "നായ്ക്കൾക്ക്" എന്ത് സ്വീകരിക്കുവാൻ കഴിയുമെന്നും "പന്നികൾക്ക്" എന്ത് മനസ്സിലാക്കുവാൻ കഴിയുമെന്നും പരിഗണിച്ചുകൊണ്ട്, അവരോട് ഇടപെടുന്നതിൽ നിങ്ങൾ ജ്ഞാനമുള്ളവനായിരിക്കും. എന്നാൽ നിങ്ങൾ ആവേശഭരിതനാകുകയും മറ്റുള്ളവർക്കുവേണ്ടിയല്ല, നിങ്ങൾക്കുവേണ്ടി മാത്രം കരുതുകയും ചെയ്യുന്നുവെങ്കിൽ, നിങ്ങൾ പ്രശ്നത്തിലേക്കു കടക്കുകയോ, പ്രശ്നത്തിന് കാരണമാകുകയോ ചെയ്യും. കഴിഞ്ഞ കാലത്ത് നമ്മുടെ യുവാക്കളിൽ ചിലർ മറ്റു യോഗങ്ങളിൽ പോകുകയും, അവിവേകമായി സംസാരിച്ചുകൊണ്ട് അവരുടെ തീക്ഷ്ണതയ്ക്കുവേണ്ടി മാത്രം കരുതുകയും ചെയ്തു. അവർ എരിവുള്ളവരായിരുന്നെങ്കിലും മറ്റുള്ളവർക്കുവേണ്ടി കരുതാതെ അവർ പ്രശ്നമുണ്ടാക്കുക മാത്രം ചെയ്തു.

രാജ്യജനം ഏറ്റവും ജ്ഞാനമുള്ള ജനമായിരിക്കണം. നാം മറ്റുള്ളവരെ ബന്ധപ്പെടുമ്പോഴെല്ലാം അവരുടെ താപനില എന്താണെന്ന് നാം അറിയുകയും അവരുടെ സാഹചര്യത്തിനു വേണ്ടി നാം കരുതുകയും വേണം. ശരിയായ ഒരു രീതിയിൽ നാം കാര്യങ്ങൾ ചെയ്യുകയും, നായ്ക്കൾ നമ്മെ കടിക്കുവാനോ പന്നികൾ നമ്മെ ആക്രമിക്കുവാനോ പ്രകോപിപ്പിക്കാതിരിക്കുകയും വേണം. അവർ തിരിഞ്ഞ് നമ്മെ ചീന്തിയേക്കാം.

Mon

## C. ചോദിക്കുകയും, അന്വേഷിക്കുകയും, മുട്ടുകയും ചെയ്യുന്നു

7 മുതൽ 11 വരെയുള്ള വാക്യങ്ങൾ ഒരു പ്രയാസത്തെ അവതരിപ്പിക്കുന്നു, കാരണം ഈ വാക്യങ്ങൾ ഇവിടെ ഉണ്ടായിരിക്കരുതെന്നു തോന്നുന്നു. വാക്യം 6-ൽനിന്നു നേരിട്ട് വാക്യം 12-ലേക്കു പോയിട്ട് ചില വർഷക്കാലം ഞാൻ ഈ വാക്യങ്ങളെ മറികടന്നു പോയിരുന്നു, കാരണം 1 മുതൽ 6 വരെയുള്ള

വാക്യങ്ങൾ വാക്യം 12-നോട് യോജിക്കുന്നു. വാക്യം 12 പറയുന്നു, "അതുകൊണ്ട് മനുഷ്യർ നിങ്ങൾക്കു ചെയ്യണമെന്ന് നിങ്ങൾ ഇച്ഛിക്കുന്നതൊക്കെയും, നിങ്ങളും അവർക്ക് അങ്ങനെതന്നെ ചെയ്യുവിൻ; എന്തെന്നാൽ ന്യായപ്രമാണവും പ്രവാചകന്മാരും ഇതാകുന്നു." ഈ വാക്യം ആദ്യത്തെ ആറ് വാക്യങ്ങളുടെ തുടർച്ചയും ഉപസംഹാരവുമാണ്. എങ്കിലും, 6-ഉം 12-ഉം വാക്യങ്ങൾക്കിടയിൽ പ്രത്യക്ഷത്തിൽ ഒരു ഇടയിൽച്ചേർത്ത ഭാഗംപോലെ നമുക്ക് 7 മുതൽ 11 വരെയുള്ള വാക്യങ്ങളുണ്ട്. ഇതിന്റെ പ്രാധാന്യമെന്താണ്? നാം ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ, 7:1-12 വേദഭാഗം മറ്റുള്ളവരോട് ഇടപെടുന്നതിലുള്ള രാജ്യജനത്തിന്റെ തത്ത്വങ്ങളെ സംബന്ധിച്ചതാണ്. രാജ്യജനം മുഖ്യമായും മറ്റുള്ളവരെ കരുതുന്നതിന്റെ തത്ത്വം പാലിക്കണമെന്ന് നാം കണ്ടു. മറ്റുള്ളവരെ വിധിക്കുന്നതിലോ വിശുദ്ധ കാര്യങ്ങളെക്കുറിച്ച് സംസാരിക്കുന്നതിലോ നാം മറ്റുള്ളവരെ കരുതണം. ഈ വിഷയവുമായി 7 മുതൽ 11 വരെയുള്ള വാക്യങ്ങൾ എങ്ങനെ പൊരുത്തപ്പെടുന്നുവെന്ന് ഇനി നമുക്കു ചിന്തിക്കാം.

7-ഉം 8-ഉം വാക്യങ്ങൾ പറയുന്നു, "ചോദിക്കുവിൻ, നിങ്ങൾക്കു നല്കപ്പെടും; അന്വേഷിക്കുവിൻ, നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ, നിങ്ങൾക്കു തുറക്കപ്പെടും. എന്തെന്നാൽ, ചോദിക്കുന്ന ഏവനും ലഭിക്കുന്നു; അന്വേഷിക്കുന്നവനോ കണ്ടെത്തുന്നു; മുട്ടുന്നവന് തുറക്കപ്പെടുകയും ചെയ്യും." ഈ വാക്യങ്ങൾ മനസ്സിലാക്കുവാൻ അനുഭവം ആവശ്യമാണ്. നമ്മുടെ അനുഭവത്തിന്റെ വെളിച്ചത്തിൽ ഈ വാക്യങ്ങൾ പിന്നെയും പിന്നെയും വായിക്കുന്നതിലൂടെ, മറ്റുള്ളവരുമായി നാം ഇടപെടുമ്പോൾ നമ്മുടെ സ്വർഗീയ പിതാവിലേക്ക് നാം നോക്കണമെന്നാണ് അവ അർഥമാക്കുന്നതെന്ന് മനസ്സിലാക്കുവാൻ നമുക്കു കഴിയും. നാം അവനോട് ചോദിക്കുകയും, അവനെ അന്വേഷിക്കുകയും, അവനുവേണ്ടി മുട്ടുകയും വേണം. ഇതു ചെയ്യുന്നതിൽ നിരവധി തവണ നാം പരാജയപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ വാക്യങ്ങൾ ചൂണ്ടിക്കാണിക്കുന്നത് നാം ജനത്തെ ബന്ധപ്പെടുകയും അവരോട് ഇടപെടുകയും ചെയ്യുന്ന സമയത്തുതന്നെ നാം കർത്താവിലേക്കു നോക്കുകയും, "കർത്താവേ, ഈ ജനത്തെ ഞാൻ എങ്ങനെ ബന്ധപ്പെടണമെന്ന് എന്നോടു പറയേണമേ. കർത്താവേ, എങ്ങനെ ഇവരോട് ഇടപെടണമെന്ന് എനിക്ക് കാണിച്ചുതരേണമേ" എന്നു പറയുകയും വേണം. ചിലപ്പോൾ കേവലം ചോദിക്കുന്നത് മതിയാകയില്ല. നാം അന്വേഷിക്കുകയും, മുട്ടുകയും വേണം. ജനത്തെ ബന്ധപ്പെടുന്നത് ഗൗരവമായ ഒരു കാര്യമാണെന്ന് ഇതു സൂചിപ്പിക്കുന്നു. ഇത് അപ്രധാനമായ ഒരു കാര്യമാണെന്ന് ഒരിക്കലും ചിന്തിക്കരുത്. രാജ്യജനമായ നാം ഇതിനെ ഗൗരവത്തോടെ സമീപിക്കണം; നിസ്സാരമോ അയഞ്ഞതോ ആയ

ഒരു രീതിയിലോ, നമ്മുടെ അനുഭൂതിക്കനുസരിച്ചോ ഒരിക്കലും ഇതു ചെയ്യരുത്. മറിച്ച്, മറ്റുള്ളവരെ കരുതിക്കൊണ്ട് നാം ഇതു ചെയ്യണം. ഒരു വഴിക്കുവേണ്ടി നാം ചോദിക്കുകയും, ഒരു വഴിയുടെ പിന്നാലെ നാം അന്വേഷിക്കുകയും, ഒരു വഴിക്കുവേണ്ടി സ്വർഗീയ വാതിലിൽ നാം മുട്ടുകയും വേണം. അങ്ങനെ, നാം ചോദിക്കുകയും, അന്വേഷിക്കുകയും, മുട്ടുകയും വേണം: അപ്പോൾ ജനത്തെ ബന്ധപ്പെടാനുള്ള ശരിയായ വഴി നമുക്കുണ്ടായിരിക്കും.

മത്തായിയിൽ, ജനത്തെ ബന്ധപ്പെടാനുള്ള ശരിയായ രീതി രാജ്യത്തിന്റെ തത്ത്വമനുസരിച്ചാണ്. 9-ഉം 10-ഉം വാക്യങ്ങളിൽ ഒരു മകൻ അപ്പത്തിനും മീനിനും വേണ്ടി ചോദിക്കുന്നതിന്റെ ഉദാഹരണം ഉപയോഗിച്ചതിനുശേഷം വാക്യം 11-ൽ കർത്താവു പറയുന്നു, "അപ്പോൾ ദുഷ്ടന്മാരായിരിക്കെ നിങ്ങൾ നിങ്ങളുടെ മക്കൾക്ക് നല്ല ഉപഹാരങ്ങളെ കൊടുക്കുവാൻ അറിയുന്നുവെങ്കിൽ സ്വർഗസ്ഥനായ നിങ്ങളുടെ പിതാവ് തന്നോടു ചോദിക്കുന്നവർക്ക് നല്ല കാര്യങ്ങളെ എത്രയധികം കൊടുക്കും!" മത്തായി രാജ്യത്തിന്റെ ഒരു പുസ്തകമായതുകൊണ്ട് വാക്യം 11-ലെ "നല്ല കാര്യങ്ങൾ" രാജ്യത്തിന്റെ കാര്യങ്ങളാണ്. എന്നാൽ മത്തായി 7:11-ന്റെ ഒരു സമാന്തര വാക്യമായ ലൂക്കൊസ് 11:13 പറയുന്നു, "അങ്ങനെ ദുഷ്ടന്മാരായിരിക്കെ നിങ്ങൾ നിങ്ങളുടെ മക്കൾക്ക് നല്ല ഉപഹാരങ്ങൾ നൽകുവാൻ അറിയുന്നുവെങ്കിൽ സ്വർഗത്തിൽനിന്നുള്ള പിതാവ് തന്നോടു ചോദിക്കുന്നവർക്ക് പരിശുദ്ധാത്മാവിനെ എത്രയധികം നൽകും!" "നല്ല കാര്യങ്ങൾ" ലൂക്കൊസ് 11:13-ൽ "പരിശുദ്ധാത്മാവ്" ആയി മാറി. നാം ഈ രണ്ടു വാക്യങ്ങളെ ഒരുമിച്ചു വയ്ക്കുന്നുവെങ്കിൽ, രാജ്യജനം മറ്റുള്ളവരെ ബന്ധപ്പെടാനുള്ള ഏറ്റവും നല്ല മാർഗം രാജ്യത്തിനനുസരിച്ചും പരിശുദ്ധാത്മാവിനനുസരിച്ചും ആണെന്ന് നാം കാണുന്നു. രാജ്യവും പരിശുദ്ധാത്മാവും, മറ്റുള്ളവരെ ബന്ധപ്പെടാനുള്ള മാർഗമാണ്. മറ്റുള്ളവരെ ശരിയായി ബന്ധപ്പെടുന്നതിന് നമുക്കാവശ്യമായത് രാജ്യത്തിന്റെയും ആത്മാവിന്റെയും ജ്ഞാനമാണ്. മറ്റുള്ളവരോട് നാം ഇടപെടുമ്പോൾ, നാം ചോദിക്കുകയും, അന്വേഷിക്കുകയും, മുട്ടുകയും വേണം. ഒടുവിൽ, രാജ്യത്തിനനുസരിച്ചും ആത്മാവിനനുസരിച്ചും ജനത്തോട് ഇടപെടാനുള്ള മാർഗ്ഗോപദേശം നമുക്കു ലഭിക്കും. അങ്ങനെ, മറ്റുള്ളവരോടുള്ള നമ്മുടെ സമ്പർക്കത്തിനുള്ള നിയന്ത്രകപ്രമാണം രാജ്യവും ആത്മാവുമാണ്. മറ്റുള്ളവരോടുള്ള നമ്മുടെ സമ്പർക്കം ഈ തത്ത്വമനുസരിച്ചാണെങ്കിൽ, നാം തെറ്റുകൾ വരുത്തുകയില്ല.

കഴിഞ്ഞ കാലത്തെക്കുറിച്ച് നാം പരിഗണിക്കുന്നുവെങ്കിൽ, ജനത്തെ ബന്ധപ്പെടുന്നതിൽ തെറ്റുകൾ വരുത്തിയിട്ടുണ്ടെന്ന് നാം സമ്മതിക്കേണ്ടിയിരിക്കുന്നു. ആ സമ്പർക്കങ്ങളിൽ ചിലത് ആർക്കും പ്രയോജനമില്ലാത്തതായിരുന്നു. എന്നാൽ ഇപ്പോൾ

നാം രാജ്യത്താൽ പരിശീലിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. നാം അയഞ്ഞ വിശ്വാസികളല്ല, മറിച്ച് ഗൗരവവും കർക്കശതയുമുള്ള രാജ്യജനമാണ്. മറ്റുള്ളവരോടുള്ള നമ്മുടെ സമ്പർക്കം രാജ്യത്തിന്റെ തത്ത്വവും പരിശുദ്ധാത്മാവിന്റെ തത്ത്വവും അനുസരിച്ചാണ്. ചോദിക്കുകയും, അന്വേഷിക്കുകയും, മുട്ടുകയും ചെയ്യുന്നതിലൂടെ മറ്റുള്ളവരെ ബന്ധപ്പെടുന്നതിലുള്ള മാർഗ്ഗോപദേശം നമുക്ക് ലഭിക്കുന്നു. നാം ചോദിക്കുന്നുവെങ്കിൽ നമുക്ക് ലഭിക്കും; നാം അന്വേഷിക്കുന്നുവെങ്കിൽ നാം കണ്ടെത്തും; നാം മുട്ടുന്നുവെങ്കിൽ, വാതിൽ തുറക്കപ്പെടും.

നമ്മുടെ മാനുഷിക ചിന്തയനുസരിച്ച് നാം ആദ്യം വഴി എടുക്കുകയും പിന്നീട് വാതിൽക്കൽ എത്തുകയും ചെയ്യുന്നു. എന്നാൽ വേദപുസ്തകത്തിലെ ദിവ്യധാരണ നേരേ വിപരീതമാണ്. ആദ്യം നാം വാതിലിലൂടെ കടക്കുകയും, പിന്നീട് വഴയിലൂടെ നടക്കുകയും ചെയ്യുന്നു. കർത്താവു പറഞ്ഞു, "മുട്ടുവിൻ, നിങ്ങൾക്കു തുറക്കപ്പെടും." വാതിൽ നമുക്കായി തുറക്കപ്പെടുമെന്നും എന്നിട്ട് നാം വഴിയിൽ നടക്കുമെന്നുമാണ് ഇത് അർഥമാക്കുന്നത്. നാം ചോദിക്കുകയും, അന്വേഷിക്കുകയും, മുട്ടുകയും ചെയ്യുന്നുവെങ്കിൽ, വാതൽ നമുക്കായി തുറക്കപ്പെടുകയും, വഴി നമുക്കു മുമ്പിൽ നിരത്തപ്പെടുകയും ചെയ്യും. അപ്പോൾ മറ്റുള്ളവരെ എങ്ങനെ ബന്ധപ്പെടണമെന്ന് നാം അറിയും. ജനത്തെ ബന്ധപ്പെടുന്നതിന് നമ്മുടെ വഴികാട്ടിയായി ഒരു തുറന്ന വാതിലും നേരായ വഴിയും നമുക്ക് ഉണ്ടായിരിക്കണം. ചോദിക്കുകയും, അന്വേഷിക്കുകയും, മുട്ടുകയും ചെയ്യുന്നതിലൂടെ മാത്രമേ നമുക്ക് ഈ തുറന്ന വാതിലും നേരായ വഴിയും ഉണ്ടായിരിക്കുകയുള്ളൂ. അവിശ്വാസികളോ, വിശുദ്ധന്മാരോ, സഭകളോ ഏതുമാകട്ടെ, മറ്റുള്ളവരെ ബന്ധപ്പെടുവാൻ ശരിയും പ്രയോജനപ്രദവുമായ ഒരു വഴി കണ്ടെത്തേണ്ടത് നമുക്കെല്ലാവർക്കും എത്ര ആവശ്യമായിരിക്കുന്നു.

മറ്റുള്ളവരെ കരുതുവാൻ നാം എല്ലാവരും പഠിക്കുകയും, "കർത്താവേ, വഴി കാണിച്ചുതരേണമേ" എന്നു പ്രാർഥിക്കുകയും വേണം. ഒന്നാമത് നിങ്ങൾ ചോദിക്കണം. വാതിൽ തുറക്കപ്പെടുന്നില്ലെങ്കിൽ നിങ്ങൾ അന്വേഷിക്കണം. വഴി അപ്പോഴും തുറക്കപ്പെടുന്നില്ലെങ്കിൽ, നിങ്ങൾ മുട്ടണം. മുട്ടുകയെന്നാൽ നിങ്ങൾ അന്വേഷിക്കുന്നവന്റെ അടുക്കൽ വരുകയെന്നാണ് അർഥം. നിങ്ങൾ ചോദിക്കുമ്പോൾ, ഒരു അകലം അപ്പോഴും ഉണ്ടായിരിക്കാം, എന്നാൽ നിങ്ങൾ മുട്ടുമ്പോൾ, യാതൊരു അകലവും ഇല്ല. മറിച്ച്, നിങ്ങൾ അന്വേഷിക്കുന്നവന്റെ തൊട്ടുമുമ്പിൽ നിൽക്കുന്നു. അങ്ങനെ, കർത്താവിനെ അന്വേഷിക്കുന്നതിന് നിങ്ങൾ സമയം ചെലവഴിക്കണം. മറ്റുള്ളവരെ ബന്ധപ്പെടുന്നതിൽ, നമുക്ക് ചോദിക്കുകയും, അന്വേഷിക്കുകയും, മുട്ടുകയും ചെയ്യേണ്ട

ആവശ്യമുണ്ട്. അപ്പോൾ വാതിൽ തുറക്കപ്പെടുകയും, ജനത്തെ ബന്ധപ്പെടുവാൻ നേരായ വഴി നിങ്ങൾക്ക് നൽകപ്പെടുകയും, നമ്മുടെ സമ്പർക്കം പ്രയോജനമുള്ളതായിരിക്കുകയും, തെറ്റുകൾ വരുത്തുന്നതിൽനിന്നും നാം രക്ഷിക്കപ്പെടുകയും ചെയ്യും. നായ്ക്കളെയും പന്നികളെയും സൂക്ഷിക്കുവാനും നാം അറിയും. ഇതാണ് 6-ഉം 12-ഉം വാക്യങ്ങൾക്കിടയിൽ ചേർക്കപ്പെട്ട 7 മുതൽ 11 വരെയുള്ള വാക്യങ്ങളുടെ പ്രാധാന്യം.

വാക്യം 12-നെക്കുറിച്ച് ചിന്തിക്കുന്നതിനുമുമ്പ് ചോദിക്കുകയും, അന്വേഷിക്കുകയും, മുട്ടുകയും ചെയ്യുന്നതിനെക്കുറിച്ച് ഇനിയും ഒരു വാക്ക് കൂട്ടിച്ചേർക്കേണ്ടത് നമുക്കാവശ്യമാണ്. ചോദിക്കുകയെന്നാൽ പൊതുവായ ഒരു രീതിയിൽ പ്രാർഥിക്കുന്നതും, അന്വേഷിക്കുകയെന്നാൽ പ്രത്യേകമായ ഒരു രീതിയിൽ അപേക്ഷിക്കുന്നതും, മുട്ടുകയെന്നാൽ ഏറ്റവും അടുത്ത രീതിയിൽ വാതിൽക്കൽ എത്തുന്നതുമാണ്. വാക്യം 8-ലെ ചോദിക്കുന്നതും ലഭിക്കുന്നതും, രാജ്യത്തിന്റെ പുതിയ പ്രമാണം കാക്കുന്നതിനെ സംബന്ധിച്ച രാജ്യജനത്തിന്റെ പ്രാർഥനയ്ക്ക് നല്ലതാണ്. അവർ അതു ചോദിക്കുകയും അവർക്ക് അത് ലഭിക്കുകയും ചെയ്യുന്നു. അന്വേഷിക്കുകയും കണ്ടെത്തുകയും ചെയ്യുന്ന വിഷയം 6:33-ന് നല്ലതാണ്. രാജ്യജനം പിതാവിന്റെ രാജ്യവും അവന്റെ നീതിയും അന്വേഷിക്കുകയും അവർ അത് കണ്ടെത്തുകയും ചെയ്യുന്നു. മുട്ടുകയും വാതിൽ തുറക്കപ്പെടുകയും ചെയ്യുന്ന വിഷയം 7:14-ന് നല്ലതാണ്. രാജ്യജനം മുട്ടുന്നതിലൂടെ അവർക്ക് ഇടുക്കമുള്ള കവാടം തുറക്കപ്പെടും.

വാക്യം 11-ൽ ഒരു വലിയ വാഗ്ദാനം ഉൾപ്പെടുന്നു. ഈ വാഗ്ദാനം ഉറപ്പിച്ചു പറയുന്നത് രാജ്യജനം സ്വർഗസ്ഥനായ പിതാവിന്റെ കരുതലിനും സഹായത്തിനും കീഴിലാകുന്നു എന്നാണ്. അങ്ങനെ, രാജ്യത്തിന്റെ പ്രത്യക്ഷതയിലേക്ക് രാജ്യജനം പ്രവേശിക്കേണ്ടതിന് രാജ്യത്തിന്റെ പുതിയ പ്രമാണം നിറവേറ്റുവാനും അതിന്റെ യാഥാർഥ്യത്തിൽ ജീവിക്കുവാനും അവർ വളരെ പ്രാപ്തരാണ്.

9-ഉം 10-ഉം വാക്യങ്ങളിൽ, ആവശ്യപ്പെടുന്ന അപ്പവും മീനും സൂചിപ്പിക്കുന്നത് ചോദിക്കുന്നവന്റെ ആവശ്യത്തെയാണ്. നാം ചോദിക്കുകയും, അന്വേഷിക്കുകയും, മുട്ടുകയും ചെയ്യുമ്പോൾ, നമുക്ക് എപ്പോഴും ഒരു ആവശ്യമുണ്ട്. നമ്മുടെ സ്വർഗീയ പിതാവ് നമ്മുടെ ആവശ്യത്തെ അറിയുകയും, നമുക്കാവശ്യമുള്ളത് നൽകുകയും ചെയ്യും. ഒരു മനുഷിക പിതാവും തന്റെ മക്കൾക്ക് അപ്പത്തിന് പകരം കല്ലോ മീനിന് പകരം പാമ്പിനെയോ കൊടുക്കുകയില്ല; മറിച്ച് അവർക്ക് എപ്പോഴും നല്ല ഉപഹാരങ്ങൾ നൽകും. നമ്മുടെ സ്വർഗീയ പിതാവ് താൻ നല്ലതെന്ന് കരുതുന്ന കാര്യങ്ങൾ എത്രയധികം നമുക്കു നൽകും!

മറ്റുള്ളവരെ ബന്ധപ്പെടാനുള്ള വഴിക്കു വേണ്ടിയുള്ള നമ്മുടെ അന്വേഷണത്തിൽപോലും ഏറ്റവും നല്ല വഴി, നമുക്കാവശ്യമായ വഴി അവൻ തരും.

## D. ജനം നിങ്ങൾക്കു ചെയ്യണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നത് അവർക്ക് ചെയ്യുന്നു

നാം ഇനി വാക്യം 12-ലേക്ക്, മറ്റുള്ളവരോട് ഇടപെടുന്നതിലുള്ള രാജ്യജനത്തിന്റെ തത്ത്വം എന്ന ഭാഗത്തിനുള്ള ഉപസംഹാരത്തിലേക്ക് വരുന്നു. ഈ വാക്യം പറയുന്നു, "അതുകൊണ്ട് മനുഷ്യർ നിങ്ങൾക്കു ചെയ്യണമെന്ന് നിങ്ങൾ ഇച്ഛിക്കുന്നതൊക്കെ, നിങ്ങളും അവർക്ക് അങ്ങനെതന്നെ ചെയ്യുവിൻ; എന്തെന്നാൽ ന്യായപ്രമാണവും പ്രവാചകന്മാരും ഇതാകുന്നു." രാജ്യത്തിന്റെ പുതിയ പ്രമാണം ന്യായപ്രമാണത്തിനും പ്രവാചകന്മാർക്കും വിരുദ്ധമല്ല; മറിച്ച് അവയെ അത് നിവർത്തിക്കുകയും അവയെ പൂർണ്ണമാക്കുകയും ചെയ്യുന്നു.